# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1838 05.10.2016-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പോഷകാഹാരവും വൈദ്യപരിശോധനയും

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി. കൃഷ്ണൻ**<br>**ശ്രീമതി. പി. അയിഷാപോറ്റി**<br>**ശ്രീ. കെ.വി. വിജയദാസ്**<br>**ശ്രീ. സി.കെ. ശശീന്ദ്രൻ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അട്ടപ്പാടി ഉടങ്ങിയ ആദിവാസി മേഖലകളിലെ ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരവും വൈദ്യപരിശോധനയും ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ) | പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായി 2013 ഏപ്രിൽ മുതൽ സ്ക്രീനിംഗ് ക്യാംപുകൾ ആരോഗ്യ വകുപ്പ് നടത്തി വരുന്നുണ്ട്. ഗുരുതരമായ അനീമിയ ബാധിച്ച കുട്ടികളെ കിടത്തി ചികിത്സിക്കുന്നതിന് അട്ടപ്പാടിയിൽ 3 ന്യൂട്രീഷൻ റീ-ഹാബിലിറ്റേഷൻ സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തി വരുന്നുണ്ട്. അട്ടപ്പാടിയിൽ ചികിത്സാ മേഖലയിൽ കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും ഒരു സി.എച്ച്.സി യും 2 പി.എച്ച്.സി. യും പ്രവർത്തിച്ചു വരുന്നുണ്ട്. 28 അലോപ്പതി സബ്സെൻററുകളും മേഖലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സബ്സെൻററുകൾ കേന്ദ്രീകരിച്ച് ജെ.പി.എച്ച്. എൻ. മാരുടെ പ്രവർത്തനം ഉറപ്പ് വരുത്തിയിട്ടുണ്ട്. ആശാ വർക്കർമാർ, അംഗൻവാടി പ്രവർത്തകർ, എസ്.ടി. പ്രമോട്ടർമാർ, എന്നിവർക്ക് പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തുന്നതിനുള്ള പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. പോഷകാഹാരക്കുറവുള്ള കുട്ടികളെ നിരീക്ഷിക്കുന്നതിന് ജാതക് ജനനീ സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യപരിപാലനം സംബന്ധിച്ച് പ്രത്യേക ബോധവൽക്കരണം ആരോഗ്യ വകുപ്പിനു കീഴിൽ നടത്തി വരുന്നുണ്ട്. വീട്ടിൽ വെച്ചുള്ള പ്രസവം ഒഴിവാക്കുന്നതിനായി പ്രസവ തീയതിക്കു 2 ആഴ്ച മുൻപ് ഗർഭിണികളെ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ അട്ടപ്പാടിയിലെ ആരോഗ്യ പ്രവർത്തകർ സ്വീകരിച്ചു വരുന്നുണ്ട്.<br>കൂടാതെ പട്ടികവർഗ്ഗ അമ്മമാർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി ജനനീ ജന്മരക്ഷ പദ്ധതി പ്രകാരം 18 മാസത്തേക്ക് പ്രതിമാസം 1,000/- രൂപ ധനസഹായം നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൻെറ മറ്റൊരു പദ്ധതിയായ ഭക്ഷ്യസഹായ പദ്ധതി പ്രകാരം ഭക്ഷ്യസാധനങ്ങൾ അടങ്ങിയ കിറ്റുകൾ അർഹരായവർക്ക് വിതരണം നടത്തി വരുന്നുണ്ട്.<br>അമ്മമാരും കുട്ടികളും ഉൾപ്പെടെയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും മാവേലി മെഡിക്കൽ സ്റ്റോർ മുഖേന സൗജന്യമായി ചികിത്സാ ആവശ്യത്തിനായി 5,000/- രൂപ വരെയുള്ള ധനസഹായം വിതരണം നടത്തി വരുന്നുണ്ട്.<br>സാമൂഹ്യനീതി വകുപ്പിൻെറ ചുമതലയിൽ അംഗൻവാടികൾ മുഖേന അമൃതം ന്യൂട്രിമിക്സ് വിതരണം, സബല കിറ്റുകളുടെ വിതരണം എന്നിവ നടന്നു വരുന്നുണ്ട്. കൂടാതെ കുടുംബശ്രീ മുഖേനയുള്ള സമൂഹ അടുക്കളയുടെ പ്രവർത്തനങ്ങളും അട്ടപ്പാടിയിൽ നടന്നു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അവരുടെ സ്കൂളിൽ തന്നെ വൈദ്യപരിശോധനയും പോഷകാഹാരവും നൽകുന്നതിന് നിലവിൽ സംവിധാനമുണ്ടോ; | ബി) & സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ എല്ലാ ദിവസവും ഉച്ചഭക്ഷണവും എട്ടാംതരം വരെയുള്ള വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും, ഒരു ദിവസം മുട്ടയും നൽകിയിരുന്നു. കൂടാതെ പാലക്കാട് ജില്ലാ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണവും നൽകി വരുന്നു. കൂടാതെ ആരോഗ്യ പ്രവർത്തകർ സ്കൂളുകളിലെത്തി വൈദ്യപരിശോധനയും നടത്തുന്നു. ആഴ്ചയിലൊരിക്കൽ ഒരു ഹെൽത്ത് നഴ്സിൻെറ സേവനം ആരോഗ്യ വകുപ്പ് ലഭ്യമാക്കുന്നുണ്ട്. |
| സി) | ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ; | | |

സെക്ഷൻ ഓഫീസർ